DESPATCHED
On...03/02/2020

16/01/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം_695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.738(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No. 9259/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. പോൾ തോമസ് സി.,
ചക്കാലയ്ക്കൽ ഹൗസ്,
നിർമ്മലാ കോളേജിന് സമീപം,
പൂത്തോൾ പി.ഒ., തൃശ്ശൂർ - 680 004. } പരാതി ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അസിസ്റ്റന്റ് കമ്മീഷണൽ (ഡി.എം), ലാന്റ് റവന്യു കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം - 33.

2) അപ്പീൽ അധികാരി, ലാന്റ് റവന്യു കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം-33

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02/03/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21/03/2015 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 17/04/2015 |
| ഒന്നാം അപ്പീല അപേക്ഷ തീർപ്പാക്കിയ തീയതി | 13/05/2015 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 23/05/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 30/05/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03/07/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 10/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14/01/2020 - സംസ്ഥാന വിവരാവകാശ കമ്മീഷൻ ഓഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പോൾ തോമസ് സി., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും മേൽപ്പടി അപ്പീൽ തീർപ്പിൽ ഒരു നിവൃത്തിയും ഉണ്ടാക്കിയില്ല എന്നും ഒന്നാം അപ്പീൽ ഒന്നാം എതിർകക്ഷി കൈകാര്യം ചെയ്തതും വീണ്ടും

ടിയാനോട് ഒന്നാം അപ്പീൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചത് നിയമവിരുദ്ധമാണെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ തൃശ്ശൂർ കളക്ടറേറ്റിൽ നിന്നും ലഭ്യമാക്കുന്നതിന് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരമുള്ള നടപടി സ്വീകരിച്ചില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 12.1.2015 തീയതി ഹർജിക്കാരൻ റവന്യു വകുപ്പു മന്ത്രിക്ക് അയച്ച പരാതിയിന്മേൽ ലാൻഡ് റവന്യു കമ്മീഷണർ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നും അവയുടെ ഫലം എന്താണെന്നും ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം അറിയിക്കണമെന്നും

ii. മേൽ പ്രസ്താവിച്ച പരാതിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ടർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയോ എന്നും നിർദ്ദേശം നൽകിയെങ്കിൽ മേൽപ്പടി നിർദ്ദേശത്തിന്റെ പകർപ്പ് നൽകണമെന്നും

iii. ലാൻഡ് റവന്യു കമ്മീഷണറുടെ നിർദ്ദേശാനുസരണം ഏതെങ്കിലും കീഴുദ്യോഗസ്ഥനോ പൊതു സ്ഥാപനമോ പരാമർശിത പരാതിയിന്മേൽ എന്തെങ്കിലും അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് സംബന്ധമായ എല്ലാ വിവരങ്ങളും നൽകണമെന്നും മറ്റുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ 12.1.2015-ലെ നിവേദനം ഒന്നാം എതിർകക്ഷി കാര്യാലയത്തിൽ 9.2.2015 തീയതി ലഭിച്ചു എന്നും നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും റിപ്പോർട്ടിനുമായി മേൽപ്പടി പരാതി 23.2.2015 തീയതി എൽ.ആർ.എച്ച്.3-5343/15 നമ്പർ പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്തിരുന്നു എന്നും മേൽ പറഞ്ഞ കത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് 2/- രൂപ ഫീസ് ഒടുക്കണമെന്നും മറ്റുമാണ്. ഹർജിക്കാരൻ 27.3.2015 തീയതി നൽകിയ അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നിർദ്ദേശിച്ച പ്രകാരം 2/- രൂപ ഫീസ് ഒടുക്കി ആയതിന്റെ ചെലാൻ സമർപ്പിക്കുന്നു എന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 3-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ലഭ്യമാക്കുന്നതിന് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതായിരുന്നു എന്നും മറ്റുമാണ്. ഹർജിക്കാരന് ഒന്നാം എതിർകക്ഷി 31.3.2015 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട പ്രകാരം 23.2.2015-ലെ എൽ.ആർ.എച്ച്.3-5343/15 നമ്പർ കത്തിന്റെ പകർപ്പ് നൽകുന്നു എന്നും ഹർജിക്കാരൻ തുക അടച്ച അറിയിപ്പിനോടൊപ്പം അപ്പീൽ അപേക്ഷ കൂടി സമർപ്പിച്ചിട്ടുള്ളതായി കാണുന്നു എന്നും എന്നാൽ 27.3.15-ലെ ഹർജിക്കാരന്റെ കത്ത് ഫീസ് ഒടുക്കിയത് സംബന്ധിച്ച അറിയിപ്പായി സ്വീകരിക്കുന്നു എന്നും വിവരാവകാശ നിയമത്തിലെ 19(1) വകുപ്പു പ്രകാരമുള്ള അപ്പീൽ അപേക്ഷ അപ്പീൽ അധികാരി മുമ്പാകെ പ്രത്യേകമായി ഒരിക്കൽ കൂടി സമർപ്പിക്കണമെന്നുമാണ്. ആയതുപ്രകാരം ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 17.4.2015 തീയതി നൽകിയ അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ ഒന്നാം അപ്പീൽ അപേക്ഷയെ കത്ത് എന്ന രീതിയിലാണ് ഒന്നാം എതിർകക്ഷി വിശേഷിപ്പിച്ചിരിക്കുന്നത് എന്നും മേൽപ്പടി ഒന്നാം അപ്പീൽ കൈകാര്യം ചെയ്യാൻ

എസ്.പി.ഐ.ഒ.ക്ക് അധികാരമില്ല എന്നും ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് എതിർകക്ഷി ഓരോ ഇനം സംബന്ധിച്ചും മറുപടി നൽകിയില്ല എന്നും 3-ാം ഇനത്തിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാകുന്നതിന് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പുപ്രകാരമുള്ള നടപടി സ്വീകരിച്ചില്ല എന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആദ്യം സമർപ്പിച്ച അപ്പീൽ അപേക്ഷയോടൊപ്പം ഫീസ് ഒടുക്കിയത് സംബന്ധിച്ച അറിയിപ്പും നൽകിയിരുന്നു എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയിരുന്നു എന്നും 31.3.2015 തീയതിയിലെ ഒന്നാം എതിർകക്ഷിയുടെ തീരുമാനം ശരിയാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖ നൽകിയിട്ടുള്ളതാണെന്നും മേൽപ്പടി സാഹചര്യത്തിൽ അപ്പീൽ അപേക്ഷയിൽ തുടർനടപടികൾ ആവശ്യമില്ല എന്നുമാണ്.

3. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ ഓരോ ഇനം സംബന്ധിച്ചും ഒന്നാം എതിർകക്ഷി മറുപടി നൽകേണ്ടതായിരുന്നു എന്നു കാണുന്നു. ഹർജിക്കാരന് ഒന്നാം എതിർകക്ഷി നൽകിയ മറുപടി പ്രകാരം ഫീസ് ഒടുക്കിയത് സ്ഥാപിക്കുന്ന ചെലാൻ രസീതിന്റെ പകർപ്പ് ഒന്നാം എതിർകക്ഷിയ്ക്ക് തന്നെയായിരുന്നു ഹർജിക്കാരൻ അയച്ചു നൽകേണ്ടിയിരുന്നത്. എന്നിരുന്നാലും മേൽപ്പടി രസീത് ഉൾക്കൊള്ളിച്ച അപേക്ഷയിൽ വിവരാവകാശ നിയമത്തിലെ 19(1) വകുപ്പുപ്രകാരമുള്ള ഒന്നാം അപ്പീൽ എന്നു ഹർജിക്കാരൻ സൂചിപ്പിച്ചിരുന്ന സാഹചര്യത്തിൽ ആയത് ഒന്നാം എതിർകക്ഷി ഒന്നാം അപ്പീൽ അധികാരിക്ക് അയച്ചു നൽകേണ്ടതായിരുന്നു. മേൽപ്പടി അപ്പീൽ അപേക്ഷയിൽ ഉൾക്കൊള്ളിച്ചിരുന്ന രസീതിന്റെ പകർപ്പ് ഒന്നാം എതിർകക്ഷി ഓഫീസിൽ സ്വീകരിച്ച് ആയതുപ്രകാരമുള്ള നടപടി സ്വീകരിക്കുകയും മേൽപ്പടി അപ്പീൽ രണ്ടാം എതിർകക്ഷിയ്ക്ക് അയച്ചു നൽകുകയും ചെയ്യേണ്ടതായിരുന്നു. ഇക്കാര്യത്തിൽ ഹർജിക്കാരനോട് പുതുതായി വീണ്ടും ഒരു അപ്പീൽ അപേക്ഷ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടത് അംഗീകരിക്കത്തക്കതല്ല എന്നു കമ്മീഷൻ വിലയിരുത്തുന്നു. എന്നിരുന്നാലും ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നുമുണ്ടായത് ബോധപൂർവ്വമായ വീഴ്ചയായിരുന്നില്ല എന്നു ബോധ്യമാകുന്നതിനാൽ ഇക്കാര്യത്തിൽ കമ്മീഷൻ മേൽപ്പടി എതിർകക്ഷിയ്ക്കെതിരെ മറ്റ് ശിക്ഷാനടപടികൾ ഒന്നും കൈക്കൊള്ളുന്നില്ല. എന്നാൽ ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീഷൻ ടിയാളെ ഓർമ്മപ്പെടുത്തുന്നു.

4. ഹർജിക്കാരന്റെ അപേക്ഷയിലെ 3-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായാണ് ഹർജിക്കാരന്റെ പരാതി തൃശ്ശൂർ ജില്ലാ കളക്ടർക്ക് അയച്ചു നൽകിയിരുന്നതെങ്കിലും മേൽപ്പടി ഇനം സംബന്ധിച്ച് ലഭ്യമായിരുന്ന വിവരങ്ങൾ കുറെക്കൂടി വ്യക്തമായ രീതിയിൽ നൽകുവാൻ തൃശ്ശൂർ ജില്ലാ കളക്ടറുടെ ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് കഴിയുമായിരുന്നു. ആയതിനാൽ മേൽപ്പടി ഇനം സംബന്ധിച്ച വിവരം നൽകുന്നതിലേയ്ക്കായി ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് തൃശ്ശൂർ ജില്ലാ കളക്ടറുടെ ഓഫീസിലേക്ക് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരം അയച്ചു നൽകേണ്ടതായിരുന്നു. ഇക്കാര്യത്തിലും ഒന്നാം എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്

5. ഹർജിക്കാരന്റെ ഒന്നാം അപ്പീൽ അപേക്ഷ രണ്ടാം എതിർകക്ഷി തീർപ്പാക്കിയിരിക്കുന്നത് ഹർജിക്കാരന്റെ ഒന്നാം അപ്പീൽ അപേക്ഷയിൽ ഉന്നയിച്ച ഓരോ ആക്ഷേപവും വിശദമായി പരിശോധിക്കാതെയാണെന്ന് കാണുന്നു. ആയത് അംഗീകരിക്കത്തക്കതല്ല. ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവാദിത്വം ഒന്നാം അപ്പീൽ അപേക്ഷയിൽ ഉന്നയിച്ച ആക്ഷേപങ്ങൾ വിശദമായി പരിശോധിച്ച് ആയത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് നൽകുക എന്നതാണ്. ആയത് രണ്ടാം എതിർകക്ഷിയും കൈക്കൊണ്ടിട്ടുളളതായി കാണുന്നില്ല. ഇക്കാര്യത്തിൽ രണ്ടാം എതിർകക്ഷിയും വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീഷൻ ടിയാനെ ഓർമ്മപ്പെടുത്തുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 16–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

RIGHT TO INFORMATION